കിൻഫ്ര ടെക്സ്റ്റൈൽ സെന്ററിന്റെ നിർമ്മാണം

2 [440] *ശ്രീ. ബി. വിജയകുമാർ:*

" *പ്രയാർ ഗോപാലകൃഷ്ണൻ:*

" *കെ. എ. ചന്ദ്രൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര ടെക്സ്റ്റൈൽ സെന്ററിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) ഈ സെന്ററിനുവേണ്ടി ഒട്ടാകെ എന്ത് തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിൽ സ്ഥാപിക്കുന്ന കിൻഫ്ര ടെക്സ്റ്റൈൽ സെന്ററിന്റെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്.

(ബി) ഈ സെന്ററിന് ആകെ 30.15 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്.

(സി) കിൻഫ്ര ടെക്സ്റ്റൈൽ സെന്ററിന്റെ നിർമ്മാണം 2 വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ നടപടി

3 [441] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ആകെ എത്ര വ്യവസായ പാർക്കുകൾ ഏതെല്ലാം മേഖലകളുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 2005-2006 വർഷത്തിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പട്ടുനൂൽ കൃഷിക്കാർക്കും നെയ്ത്തുകാർക്കും പ്രയോജനകരമായ വിധത്തിൽ ഒരു സിൽക്ക് പാർക്ക് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പതിനൊന്ന് വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട് ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) & (സി) 2005-2006 വർഷത്തിൽ കിൻഫ്ര ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ താഴെ പറയുന്നു:

ടെക്സ്റ്റൈൽ സെന്റർ, കണ്ണൂർ. – കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ ടെക്സ്റ്റൈൽ സെന്റർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സ്കീമി (TCIDS) ന് കീഴിൽ കേന്ദ്ര ധനസഹായത്തോടുകൂടി കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ, കുവേരി വില്ലേജുകളിൽ ഒരു ടെക്സ്റ്റൈൽ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി 126 ഏക്കർ ഭൂമി ഏറ്റെടുക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടുവർഷം കൊണ്ട് ഈ പദ്ധതി പൂർത്തിയാക്കുവാനാണ് ഉദ്ദേശം. ഇതിലേക്കായി 20 കോടി രൂപ reimbursement വ്യവസ്ഥയിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

APES പദ്ധതിപ്രകാരമുള്ള അപ്പാരൽ പാർക്ക്, തിരുവനന്തപുരം. – കിൻഫ്രയുടെ കീഴിൽ തിരുവനന്തപുരത്തെ മേനംകുളത്തുള്ള ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ കേന്ദ്ര മന്ത്രാലയത്തിന്റെ APES പദ്ധതിപ്രകാരം സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിച്ചുവരുന്നു.

അന്താരാഷ്ട്ര പ്രദർശന വ്യാപാരകേന്ദ്രം, കൊച്ചി. – കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു ദേശീയ വ്യാപാര വികസന കേന്ദ്രം കൊച്ചിയിലെ കളമശ്ശേരിയിൽ സ്ഥാപിക്കുവാൻ നടപടി ആരംഭിച്ചുകഴിഞ്ഞു. കളമശ്ശേരിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന് അടുത്ത് കിൻഫ്ര ഹൈടെക്ക് പാർക്കിൽ 40 ഏക്കർ ഭൂമിയിൽ ആണ് ഈ പദ്ധതി നടത്തുന്നത്. സ്വകാര്യ മേഖലയിൽനിന്നും പങ്കാളിയെ കണ്ടെത്തിയാണ് കിൻഫ്ര ഈ പദ്ധതി നടപ്പാക്കുന്നത്. അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

അന്താരാഷ്ട്ര അനിമേഷൻ സ്കൂൾ, തിരുവനന്തപുരം. — കേന്ദ്ര മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി കിൻഫ്രയുടെ കീഴിൽ കഴക്കൂട്ടത്തുള്ള ഹിലിം വീഡിയോ പാർക്കിൽ ഒരു അന്താരാഷ്ട്ര അനിമേഷൻ സെന്റർ സ്ഥാപിച്ചു വരുന്നു. ഈ പാർക്കിൽ അഹമ്മദാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനുമായി ചേർന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു അനിമേഷൻ സ്കൂൾ സ്ഥാപിക്കുവാനും പദ്ധതിയുണ്ട്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യ സംസ്ക്കരണ വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട. —അടൂരിലെ ഏനാദിമംഗലം വില്ലേജിൽ 85 ഏക്കർ ഭൂമിയിൽ ഒരു ഭക്ഷ്യസംസ്ക്കരണ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതിന്റെ ശിലാസ്ഥാപന കർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി 2005 ഫെബ്രുവരി മാസം 6-ാം തീയതി നിർവഹിച്ചു.

അഗ്രോ ഫുഡ് ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ, കാക്കാഞ്ചേരി. —കിൻഫ്രയുടെ കാക്കാഞ്ചേരിയിലുള്ള ഫുഡ് പ്രോസസിംഗ് പാർക്കിൽ അഗ്രോ ഫുഡ് ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ സ്ഥാപിക്കുവാൻ പദ്ധതിയുണ്ട്.

(ഡി) കിൻഫ്രയ്ക്ക് ഇപ്പോൾ പട്ടുനൂൽ കൃഷിയെ തുടർന്നുള്ള സിൽക്ക് നെയ്ത്തുമായി ബന്ധപ്പെട്ട പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

കെ. എസ്. ഐ. ഡി. സി. ലോൺ

4 [442] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് 5 വർഷം കഴിഞ്ഞിട്ടും പഠിച്ച ഗ്രേഡിൽ ജോലി ലഭിക്കാത്ത അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 5 വർഷം വരെ തിരിച്ചടവില്ലാത്ത ലോൺ ലഭ്യമാക്കുന്നതിന് കെ. എസ്. ഐ. ഡി. സി.-വഴി പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) എങ്കിൽ ഇക്കാര്യം യുവജന സംഘടനകളുമായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി.-യുടെ ലക്ഷ്യം ഇടത്തരം-വൻകിട മേഖലയിൽ സ്വകാര്യ സംരംഭകരുടെ സഹായത്തോടെ വ്യവസായങ്ങളാരംഭിക്കുകയെന്നതാണ്. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനായി വ്യവസായ വാണിജ്യവകുപ്പു മുഖാന്തിരം കേരള ലോക്കൽ ഇൻഡസ്ട്രി പ്രൊമോഷൻ എന്ന പുതിയ പദ്ധതിയും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, ജില്ലാ വ്യവസായ കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്.

(ബി) വ്യവസായ വാണിജ്യവകുപ്പ് ആവശ്യമായ ബോധവൽക്കരണവും ചർച്ചാ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly